**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **11-09-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി താലൂക്കിലെ പേരിയ വില്ലേജിലെ ഭൂമി വ്യവഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടിയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പേരിയ വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള വ്യവഹാരങ്ങൾ നില നിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏത് കോടതിയിൽ ആണെന്നും കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടി കുഴിക്കൂറുകളുടെ വില മാത്രം നൽകി ഗ്ലൻ ലെവൻ എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് അധികൃതർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA 196/2016നമ്പർ കേസിന്റെ 10/06/2022-ലെ വിധിന്യായത്തിനെതിരെ ബഹു.സുപ്രീം കോടതി മുമ്പാകെ സർക്കാർ SLP(C)99-100/2023 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തീർപ്പായിട്ടില്ല. |
| (സി) | നിലവിൽ ഈ ഭൂമിയിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിൽ എന്തെങ്കിലും നിയമതടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (സി) | ഉണ്ട്.<br><br>കുഴിക്കൂറുകളുടെ വില മാത്രം നൽകി ഗ്ലൻ ലെവൻ എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് അധികൃതർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA 196/2016നമ്പർ കേസിന്റെ 10/06/2022-ലെ വിധി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായിരുന്ന സർക്കാർ ഉത്തരവ് ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയും, 2013-ലെ LARR Act പ്രകാരമുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ രണ്ടു മാസത്തിനുള്ളിൽ തുടങ്ങേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു എങ്കിലും പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു.സുപ്രീം കോടതി മുമ്പാകെ സർക്കാർ SLP(C)99-100/2023 നമ്പർ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. നിലവിൽ കേസ് ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | ഉണ്ടെങ്കിൽ എന്താണ് നിയമതടസ്സമെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | കുഴിക്കൂറുകളുടെ വില മാത്രം നൽകി ഗ്ലൻ ലെവൻ എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് അധികൃതർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA 196/2016നമ്പർ കേസിന്റെ 10/06/2022-ലെ വിധി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായിരുന്ന സർക്കാർ ഉത്തരവ് ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയും, 2013-ലെ LARR Act പ്രകാരമുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ രണ്ടു മാസത്തിനുള്ളിൽ തുടങ്ങേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു എങ്കിലും പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു.സുപ്രീം കോടതി മുമ്പാകെ സർക്കാർ SLP(C)99-100/2023 നമ്പർ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. നിലവിൽ കേസ് ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ